# TITUS II TEACHERS COLLEGE, TIRUVALLA

(NAAC Re-Accredited 'A' Grade)
SCS Campus, Tiruvalla, Pathanamthitta, Kerala 689101
Management: Mar Thoma Syrian Church of Malabar



## ഡോ. സഖറിയാസ് മാർ തെയോഫിലസ് സഫ്രഗൻ മെത്രാപ്പൊലീത്താ

### മെമ്മോറിയൽ 5-ാമതു ഇന്റർ കോളേജിയറ്റ്

# ലേഖന മത്സരം

ഒന്നാം സമ്മാനം - മൂവായിരം രൂപ
രണ്ടാം സമ്മാനം - രണ്ടായിരം രൂപ
മൂന്നാം സമ്മാനം - ആയിരം രൂപ

**വിഷയം: വിദേശ വിദ്യാഭ്യാസം : മലയാളിയുടെ ചിന്തകളും സ്വപ്നങ്ങളും**

**ലേഖനം ലഭിക്കേണ്ട അവസാന തീയതി- 2024 ഡിസംബർ 14**

തിരുവല്ലാ ടൈറ്റസ് സെക്കൻഡ് ടീച്ചേഴ്സ് കോളജ് പൂർവ്വ വിദ്യാർത്ഥിയും മുൻ മാനേജരും ആയിരുന്ന മാർത്തോമ്മാ സഭയിലെ ഡോ. സഖറിയാസ് മാർ തെയോഫിലസ് സഫ്രഗൻ മെത്രാപ്പൊലീത്ത, 2015 ഡിസംബർ 27ന് ദിവംഗതനായി. അദ്ദേഹത്തിന്റെ സ്മരണയ്ക്കായി, കോളജ് ലൈബ്രറിയുടെയും ലിറ്റററി ആൻഡ് ഡിബേറ്റിങ് സൊസൈറ്റിയുടെയും സംയുക്താഭിമുഖ്യത്തിൽ കേരളത്തിലെ സർവ്വകലാശാലകളിൽ അഫിലിയേഷൻ ഉള്ള കോളജുകളിലെ ഡിഗ്രി, പി.ജി. വിദ്യാർത്ഥികൾക്കായി ഒരു **ലേഖന മത്സരം** നടത്തുന്നു. ഒന്നും രണ്ടും മൂന്നും സ്ഥാനം നേടുന്നവർക്ക് യഥാക്രമം 3000, 2000, 1000 രൂപ സമ്മാനവും സർട്ടിഫിക്കറ്റും നൽകുന്നതാണ്. 2024 ഡിസംബർ മാസത്തിൽ കോളജിൽ നടക്കുന്ന സമ്മേളനത്തിൽ സമ്മാനങ്ങൾ വിതരണം ചെയ്യുന്നതാണ്. കോളജ് പ്രിൻസിപ്പൽമാരുടെ സാക്ഷ്യ പത്രത്തോടെയുള്ള ലേഖനങ്ങൾ 2024 ഡിസംബർ 14- തീയതിക്കു മുൻപായി, പ്രിൻസിപ്പൽ, ടൈറ്റസ് സെക്കൻഡ് ടീച്ചേഴ്സ് കോളജ് തിരുവല്ല-689101 എന്ന വിലാസത്തിൽ ലഭിച്ചിരിക്കേണ്ടതാണ്.

കഴിഞ്ഞ പ്രാവശ്യം നടത്തിയ പ്രസ്തുത ലേഖന മത്സരത്തിൽ ശ്രീലക്ഷ്മി ആർ. നായർ (ടൈറ്റസ് സെക്കന്റ് ടീച്ചേഴ്സ് കോളേജ്, തിരുവല്ല), രേഷ്മ സി.കെ. (എൻ.എസ്.എസ്. ട്രെയിനിങ് കോളേജ്, ചങ്ങനാശ്ശേരി), ശ്രുതി മോഹൻ (എൻ.എസ്.എസ്. ട്രെയിനിങ് കോളേജ്, ചങ്ങനാശ്ശേരി) എന്നിവർ യഥാക്രമം ഒന്നും രണ്ടും മൂന്നും സ്ഥാനങ്ങൾ കരസ്ഥമാക്കുകയുണ്ടായി.

എന്ന്,

**അഖിലേഷ് ആർ. നാഥ്**
**ശ്രീമതി സ്നേഹ ഹന്ന മാത്യു**
**ശ്രീമതി റോഷ്ന സാറാ മാത്യു**
(ലിറ്ററി ആൻഡ് ഡിബേറ്റിങ് സൊസൈറ്റി)

**ഡോ. ജോസഫ് ഐ. തോമസ്**
(ലൈബ്രേറിയൻ)
**ശ്രീമതി അനു മേരി ജോസഫ്**
(ലൈബ്രറി കമ്മറ്റി)

**പ്രൊഫ. ഡോ. സുനില തോമസ്**
(പ്രിൻസിപ്പാൾ)

**നിബന്ധനകൾ:**

1. ഒരു കോളജിൽനിന്നും പങ്കെടുക്കാവുന്ന മത്സരാർത്ഥികളുടെ എണ്ണം രണ്ടാണ്.
2. കോളജ് പ്രിൻസിപ്പൽമാരുടെ സാക്ഷ്യപത്രം ഇല്ലാത്ത ലേഖനങ്ങൾ പരിഗണിക്കുന്നതല്ല.
3. ലേഖനങ്ങൾ മലയാളത്തിൽ പത്തു ഫുൾസ്കാപ്പ് പേജിൽ കവിയരുത്.
4. ലേഖനങ്ങൾ അടങ്ങിയ കവറിന് പുറത്ത് "ലേഖന മത്സരം" എന്നെഴുതിയിരിക്കണം.
5. വിധികർത്താക്കളുടെ തീരുമാനം അന്തിമമായിരിക്കും.

---

NB:
അച്ചൻ / സാർ,
ദയവായി ഈ അറിയിപ്പ് പരസ്യപ്പെടുത്തുകയും നോട്ടീസ് ബോർഡിൽ പ്രദർശിപ്പിക്കുകയും ചെയ്യണമേ.